**സൽമാൻ ഖുർഷിദ്** **വിദേശകാര്യവകു**
**പ്പു മന്ത്രല**

**നമ്പർ 10577/ഇഎംഎം/2013** **ഡിസംബർ 13, 2013**

**ടു**
**ദി ഓണറബിൾ ചെയർമാൻ**
**രാജ്യസഭ**
**ന്യൂദൽഹി**

സർ,
2013 ഡിസംബർ 5-ന് രാജ്യസഭാ പ്രതിപക്ഷ നേതാവ് ശ്രീ അരുൺ ജെയ്റ്റ്‌ലി സെക്രട്ടറി ജനറലിന് ബംഗ്ലാദേശുമായുള്ള അതിർത്തി കരാർ സംബന്ധിച്ച ഭരണഘടനയുടെ 119-ാം ഭേദഗതി ബില്ലിന്റെ അവതരണത്തെ എതിർത്തുകൊണ്ടെഴുതിയ കത്തിനെ തുടർന്നാണ് ഈ കത്ത്.
കത്തു പ്രകാരം അരുൺ ജെയ്റ്റ്‌ലി പറയുന്നത് അതിർത്തിക്കാര്യത്തിൽ മാറ്റം വരുത്തുന്ന തീരുമാനം എടുക്കാൻ ഭരണഘടനയുടെ അടിസ്ഥാന പ്രമാണമായ അതിർത്തിക്കാര്യത്തിൽമാറ്റം വരുത്താൻ നിയമപരമായി പാർലമെന്റിന് അധികാരമില്ലെന്നാണ്. അതു ശരിയല്ല, ഇന്ത്യ ഒരു പരമാധികാര രാജ്യമായതിനാൽ അതിന് വിദേശ രാജ്യങ്ങളുടെ പ്രദേശങ്ങൾ ഏറ്റെടുക്കുന്നതിനും വിട്ടുകൊടുക്കുന്നതിനും അധികാരമുണ്ട്. അതിനു വിരുദ്ധമായി പറയുന്നത് രാജ്യ വിരുദ്ധമാണ്.
മേൽ വിഷയത്തിൽ സുപ്രീം കോടതി പുറപ്പെടുവിച്ചിരിക്കുന്ന വിവിധ തീരുമാനങ്ങൾ വെച്ചു നോക്കുമ്പോൾ അരുൺ ജെയ്റ്റ്‌ലി പ്രകടിപ്പിച്ചിരിക്കുന്ന അഭിപ്രായങ്ങൾ സാധുവല്ല, നിയമപരമായി നിലനിൽക്കുന്നതല്ല. സുപ്രീം കോടതിയുടെ എട്ടംഗ ബഞ്ച് ബെറുബാറി യൂണിയൻ (1960) 3 എസ്‌സിആർ 250 വിധിയിൽ പറഞ്ഞത് ഇന്ത്യയുടെ ഭൂപ്രദേശം ഒരു വിദേശ രാജ്യത്തിനു വിട്ടുകൊടുക്കാം പക്ഷേ അത് പാർലമെന്റിൽ നിയമം ഉണ്ടാക്കിയതുകൊണ്ടു മാത്രമായില്ല, പകരം ഭരണഘടനയുടെ 368-ാം വകുപ്പു പ്രകാരം ഭരണഘടനാ ഭേദഗതി വരുത്തിക്കൊണ്ടു വേണം എന്നാണ്. വിധിയിലെ പ്രസക്തഭാഗം ഖണ്ഡിക 46, 29 എന്നിവ വിശദമായി ഈ വിഷയത്തിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നുണ്ട്.
കൂടാതെ സുപ്രീം കോടതിയുടെ അഞ്ചംഗ ബഞ്ച് യൂണിയൻ ഗവൺമെന്റ്-സുകുമാർ സെൻഗുപ്ത കേസിൽ ബെറുബാറി യൂണിയൻ (1960) 3 എസ്‌സിആർ 250 പരാമർശിച്ച് നടത്തിയ നിരീക്ഷണവും ഈ കാഴ്ചപ്പാടു ശരിവെക്കുന്നതാണ്.
അങ്ങനെ നോക്കുമ്പോൾ, മേൽപറഞ്ഞ വിധികൾ രാജ്യത്തിന്റെ ഏതു പ്രദേശവും വിട്ടുകൊടുക്കുന്നതിന് ഭരണഘടനാ ഭേദഗതി ആവശ്യമാണ്. എന്നാൽ മേൽ പറഞ്ഞ കേസുകളിൽ ഭൂപ്രദേശം കൈവിട്ടുകൊടുക്കേണ്ടതില്ലാത്തതിനാൽ അവിടെയൊന്നും ഭരണഘടനാ ഭേദഗതി ആവശ്യമില്ലായിരുന്നു.
അതിനാൽ അസന്ദിഗ്ദ്ധമായി ഇങ്ങനെ നിഗമനത്തിലെത്താനാവും. ഒരു പരമാധികാര രാജ്യത്തിന് മറ്റൊരു രാജ്യത്തിന്റെ ഭൂപ്രദേശം പിടിച്ചെടുക്കുന്നതിനും സ്വന്തം ഭൂപ്രദേശം വിട്ടുകൊടുക്കുന്നതിനും അതിർത്തി ഭേദഗതി ചെയ്യുന്നതിനും അധികാരമുണ്ട്. പക്ഷേ അത്തരം ഒരു സാഹചര്യം ആവശ്യമായി വന്നാൽ അതിനു ഭരണഘടനയുടെ 368 പ്രകാരം ഭരണഘടനാ ഭേദഗതിയോടെ വേണമെന്നാണു സുപ്രീം കോടതിയുടെ നിർണ്ണയം. അതിനാൽ ഇപ്പോഴത്തെ ഭരണഘടനാ ഭേദഗതി ബിൽ 2013 (119-ാം വകുപ്പ്) സാധുവാണ്.

വിശ്വസ്തതയോടെ

**(സൽമാൻ ഖുർഷിദ്)**

രാജ്യസഭാ ജനറൽ സെക്രട്ടറിക്ക് അറിയിപ്പിനായുള്ള പകർപ്പ്